# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5892

30-07-2015-ൽ മറുപടിക്ക്

### പ്രവാസി മലയാളികളിൽ നിന്നും സംസ്ഥാനത്തെത്തുന്ന പണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശശി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) പ്രവാസി മലയാളികളിൽ നിന്നും സംസ്ഥാനത്തെത്തുന്ന പണം വ്യവസായ വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ; | (എ) പഠനം നടത്തിയിട്ടില്ല. |
| (ബി) ആയതിലേക്കായി നിലവിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നുവെന്നും ഇതിനായി എന്തെല്ലാം സഹായങ്ങൾ നൽകുന്നുവെന്നും വ്യക്തമാക്കാമോ ? | (ബി) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി ''Engaging Diaspora for investment in the State'' എന്ന പേരിൽ രൂപം നൽകിയിട്ടുണ്ട്. 2015 ജനുവരി 16, 17 തീയതികളിൽ കൊച്ചിയിൽ വച്ച് നടന്ന ആഗോള പ്രവാസി മലയാളി സംഗമത്തിൽ കേരളത്തിൽ നിലവിലുള്ള നിക്ഷേപ സാദ്ധ്യതകൾ സംബന്ധിച്ച് പ്രവാസി മലയാളികളെ പരിചയപ്പെടുത്തുന്നതിനായി ഒരു പ്രത്യേക സെഷൻ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സംഗമത്തിൽ സംസ്ഥാനത്തെ പ്രവാസി നിക്ഷേപത്തിനായി മൂന്നു പദ്ധതികൾ അവതരിപ്പിച്ചിരുന്നു. സ്റ്റാർട്ട് അപ് വില്ലേജ് വികസനം, കൊച്ചി മെട്രോ റെയിൽ ടൗൺഷിപ്പുകൾ, കണ്ണൂർ രാജ്യാന്തര വിമാനത്താവളം എന്നിവയാണവ. നിക്ഷേപ താൽപര്യമുള്ള പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിക്ഷേപ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി 'നോർക്ക |

ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' (NORKA Business Facilitation Centre) എന്ന പദ്ധതി നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക്-റൂട്ട്സ് മുഖേന സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വൻകിട പദ്ധതികളെ ക്കുറിച്ചും അവയിലെ നിക്ഷേപ സാദ്ധ്യതയെ ക്കുറിച്ചും പ്രവാസി മലയാളികളെ ബോധാവാൻമാരാക്കേണ്ടതായിട്ടുണ്ട്. ഇതി നായി, 2012 ലെ എമർജിംഗ് കേരള സംഗമത്തെ തുടർന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായ, ധനകാര്യം, നിയമം, പരിസ്ഥിതി, റവന്യു, വകുപ്പ് സെക്രട്ടറിമാർ, കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായും സർക്കാർ രൂപീകരിച്ച ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് നിലവിലുണ്ട്.

നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരികയും നോർക്കയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സംരംഭകർ ക്കായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളും വ്യവസായങ്ങൾക്ക് നൽകുന്ന പ്രോത്സാഹനങ്ങളെക്കുറിച്ചും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും നോർക്ക് റൂട്ട്സിന്റെയും സംയുക്ത ആഭി മുഖ്യത്തിൽ ബോധവത്ക്കരണ സെമിനാറു കൾ സംഘടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ